ppabdullatheef@gmai.com



പി.പി അബ്ദുല്ലത്വീഫ് പൂളപ്പൊയിൽ

# പരസ്പരം കൈമാറൂ പരസ്പരം സ്നേഹിക്കൂ

عَنْ أَبِيهُرَيْرة رَضِيَ اللَّهُ عَنْهُ: عَن النَّبِيِّ ﷺ قَالَ: تَهَادُوْا تَحَابُّوا (رَوَاهُ البخاري)

**അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: നിങ്ങൾ സമ്മാനങ്ങൾ കൈമാറൂ, പരസ്പരം സ്നേഹിക്കൂ (ബുഖാരി)**

ഒരു സമൂഹത്തിന്റെ ധന്യവും ആദരണീയവുമായ സംസ്കാരം മുഴുവനായും ഉൾച്ചേർന്നതാണ് രണ്ട് പദങ്ങളിൽ ഒതുക്കിയ ഈ പ്രവാചകാഹ്വാനം. ഏറക്കുറെ അന്യംനിന്നുപോയ സമ്മാനം നൽകുകയെന്ന മാതൃകാ കർമം ഒരു സമൂഹത്തിന്റെ ആഭ്യന്തര ഭദ്രതയും സന്തോഷവും സ്നേഹവും സഹകരണവും ഉറപ്പുവരുത്തുന്നതാണ്.

'നിങ്ങൾ വിശ്വാസികളാകാത്ത കാലത്തോളം സ്വർഗത്തിൽ പ്രവേശിക്കുകയില്ല, നിങ്ങൾ പരസ്പരം ഇഷ്ടപ്പെടാത്ത കാലത്തോളം നിങ്ങൾ വിശ്വാസികളാവുകയുമില്ല' എന്ന നബിവചനത്തിൽ നിന്ന് പരസ്പരം ഇഷ്ടപ്പെടേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാം. ഇസ്‌ലാം പഠിപ്പിച്ച പരസ്പര സ്നേഹം എപ്പോഴെങ്കിലും ഒരിക്കൽ ഉണ്ടാകേണ്ടതോ പിന്നീടെന്നോ അവസാനിക്കാവുന്നതോ അല്ല. 'പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും അനുകമ്പയിലും അവരൊറ്റ ശരീരം പോലെയാണ്, അതിലെ ഒരവയവം ആവലാതിപ്പെട്ടാൽ ശരീരം മുഴുവൻ ഉറക്കമൊഴിച്ചും, പനിച്ചും അതിനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കും' എന്നാണ് നബി വിശ്വാസി സമൂഹമെന്ന ഒറ്റ ശരീരത്തെ ഉപമിച്ചത്.

സമൂഹത്തിലെ സ്നേഹ ബന്ധങ്ങളുടെ നൈരന്തര്യമാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. പരസ്പരം സമ്മാനം കൈമാറൽ സമൂഹത്തിന്റെ പൊതു സ്വഭാവവും സംസ്കാരവുമായിത്തീരേണ്ടതുണ്ടെന്ന് ഈ ഹദീസ് അനുശാസിക്കുന്നു. സമ്മാനങ്ങൾ കൈമാറാൻ വിശ്വാസി സമൂഹത്തെ നബി ഉദ്ബോധിപ്പിക്കുകയും, നബി സമ്മാനം നൽകിയും സ്വീകരിച്ചും മാതൃക കാണിക്കുകയും ചെയ്തു. സമ്മാനവുമായി വരുന്നവർക്ക് നബി തിരിച്ചും പാരിതോഷികങ്ങൾ നൽകിയിരുന്നു.

പാരിതോഷികം ലഭിക്കുക എന്നത് ഏതൊരാളും ഇഷ്ടപ്പെടുന്ന കാര്യമാണ്. തന്റെ വ്യക്തിത്വം അംഗീകരിക്കപ്പെടുമ്പോഴുണ്ടാകുന്ന സന്തോഷം പാരിതോഷികം സ്വീകരിക്കുന്നയാളുടെ മുഖത്ത് നമുക്ക് കാണാനാകും.

പാരിതോഷികമായി എന്ത് കൊടുക്കണമെന്നോ എപ്പോൾ കൊടുക്കണമെന്നോ നബി ഉപദേശിച്ചിട്ടില്ല. വസ്തുക്കളോ, ഉൽപന്നങ്ങളോ, പണമോ, വസ്ത്രമോ, മധുരമോ അതുമല്ലെങ്കിൽ മനസ്സറിഞ്ഞ പ്രാർഥനയോ, ആശീർവാദങ്ങളോ, നല്ല വാക്കുകളോ, നിറഞ്ഞ പുഞ്ചിരി പോലുമോ പാരിതോഷികമായി കൈമാറാവുന്നതാണ്. ഏകവചന രൂപത്തിലല്ല പ്രസ്തുത ഹദീസിലെ സംബോധന എന്നതിനാൽ മുസ്‌ലിം സമൂഹം ഒരുപോലെ സ്വീകരിക്കേണ്ടതാണ് ഇതിലെ നിർദേശം എന്ന് വ്യക്തം. പാവപ്പെട്ടവന് പണക്കാരനും, പണക്കാരന് പാവപ്പെട്ടവനും പാരിതോഷികം നൽകാവുന്നതാണ്. കൊടുക്കുന്ന പാരിതോഷികത്തിന്റെ മൂല്യം കൊടുക്കുന്ന ഹൃദയത്തിന്റെ തെളിമയിലാണ്, അല്ലാതെ അതിന്റെ ഭൗതികമായ വിലയിലല്ല.

ദരിദ്രന് പാരിതോഷികം കിട്ടുമ്പോൾ അവനത് തന്റെ ജീവിത പ്രയാസം ലഘൂകരിക്കുന്നതിന് ഒരു സഹായമായിത്തീരുന്നതോടൊപ്പം, താനും ഈ സമൂഹത്തിൽ പരിഗണനീയനാണെന്ന ബോധം അവനിലുണ്ടാവുകയും ചെയ്യുന്നു. പണക്കാരന് പാരിതോഷികം കിട്ടുമ്പോൾ സമൂഹം തന്നെ മാനിക്കുകയും ആദരിക്കുകയും ചെയ്യുന്നുവെന്നും ഇതു പോലെ സമൂഹത്തിന് തിരിച്ച് താനും നൽകേണ്ടതുണ്ടെന്നുമുള്ള ബോധ്യം ഉണ്ടാവുന്നു.

പാരിതോഷികം പ്രായം ചെന്നവരിൽ ഇഷ്ടവും അടുപ്പവും, കുട്ടികളിൽ സന്തോഷവും ആനന്ദവും, സ്ത്രീകളിൽ സ്വത്വബോധവും, പുരുഷന്മാരിൽ ആത്മവിശ്വാസവും സംതൃപ്തിയും ഉണ്ടാക്കുന്നു. ഇണകൾക്കിടയിൽ ആത്മബന്ധം വർധിപ്പിക്കുന്നു. അയൽപക്ക ബന്ധങ്ങളും കുടുംബ ബന്ധങ്ങളും ദൃഢമാക്കുന്നു. ഹദ്‌യകൾ ഹിദായത്തിലേക്കും നയിക്കും. നബിയെ കണ്ട് വിശ്വാസം പ്രഖ്യാപിക്കാൻ വന്നിരുന്ന സംഘങ്ങളിലെ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകമായി തന്നെ സമ്മാനങ്ങൾ നൽകാൻ നബി ശ്രദ്ധിച്ചിരുന്നു. പ്രവാചകനെ വധിക്കാൻ പദ്ധതി തയാറാക്കിയിരുന്ന സ്വഫ്‌വാനുബ്നു ഉമയ്യക്ക് ഹുനൈൻ യുദ്ധവേളയിൽ 300 ഒട്ടകത്തെ പാരിതോഷികമായി നൽകി. അതിനു ശേഷമായിരുന്നു ബഹുദൈവ വിശ്വാസിയായ സ്വഫ്‌വാൻ വിശ്വാസം പ്രഖ്യാപിച്ചത്.

മനുഷ്യ ഹൃദയത്തിൽ നിന്ന് വെറുപ്പിന്റെയും സങ്കുചിതത്വത്തിന്റെയും ആർത്തിയുടെയും കറകൾ കഴുകാൻ പാരിതോഷികത്തേക്കാൾ ശക്തമായ മറ്റൊന്നില്ല. ഹൃദയ വികാരങ്ങളിൽ ഒരിക്കലും മറക്കാത്ത നല്ല ഓർമകൾ സമ്മാനിക്കുന്ന സർഗാത്മക ഇടപാടാണ് പാരിതോഷിക കൈമാറ്റങ്ങൾ. കൊടുക്കുമ്പോൾ അവിടം കൊണ്ടവസാനിക്കാതെ സ്വീകർത്താവിന്റെ ഹൃദയത്തിൽ അത് നന്മകളായി വളരും. അങ്ങനെ തരളിതമാകുന്ന ഹൃദയങ്ങളുടെ നന്മകൾ സമ്മാന ദാതാവിലേക്ക് മാത്രമല്ല, പൊറുക്കലിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും പങ്കുവെക്കലിന്റെയും രൂപത്തിൽ സമൂഹത്തിലേക്കും അത് പടരും. 'സുഹൃത്തുക്കളാണ് സമ്മാനങ്ങൾ കൈമാറുന്നതെങ്കിൽ, സമ്മാനമാണ് സുഹൃത്തുക്കളെ സൃഷ്ടിക്കുന്നത്' എന്ന ആപ്ത വാക്യം നാം ഓർക്കുക.

■